# മാപ്പുനൽകാനൊരു നാഥൻ

കബീർ എം. പറളി

മനഃശാന്തി, മാനസികോല്ലാസം ഹൃദയസാന്നിധ്യം തുടങ്ങിയ സദ്ഫലങ്ങളേകുന്നതിൽ ഇസ്തിഗ്ഫാറിനുള്ള പങ്ക് നിസ്തുലമാണ്. മനസ്സിന്റെ ചാഞ്ചാട്ടത്തേയും ദുശ്ശാഠ്യങ്ങളേയും പിടിച്ചു കെട്ടാനുള്ള അതിന്റെ ശേഷി അപാരമാണ്. ഏതവ സ്ഥയിലും ഏതു സമയത്തും പാലിക്കാവുന്ന സൽകർമ്മമാണ് ഇസ്തിഗ്ഫാർ. നിൽപിലും ഇരുപ്പിലും കിടപ്പിലും എന്നല്ല, നടപ്പിലും യാത്രയിലുമൊക്കെ പടച്ചതമ്പുരാനോട് പാപമോചനത്തിന് തേടാൻ ഏതൊരാൾക്കും സുസാധ്യമാണ്. ഒരൊറ്റ നിമിഷത്തിൽ തന്നെ ഒരാൾക്ക് തന്റെ നാഥനോട് നൂറുപ്രാവശ്യം ഇസ്തിഗ്ഫാർ നടത്താനാകും. ഈ മഹത്തായ കർമ്മത്തിന്റെ പ്രാധാന്യവും ഗുണവശവും അറിയുന്ന ഏതൊരു വിശ്വാസിയും, തന്നോടൊപ്പം നിത്യവും ഇതിനെ കാത്തു സൂക്ഷിച്ചു പോരണം. എങ്കിൽ, ദൈനംദിന ജീവിതത്തിലെ കർമ്മ മേഖലയിൽ ഇസ്തിഗ്ഫാർ ചെലുത്തുന്ന ഗുണപരമായ സ്വാധീനം തീർച്ചയായും അനുഭവിക്കാനാകും.

എന്താണ് ഇസ്തിഗ്ഫാർ? പ്രവാചക സ്വഹാബത്തും പണ്ഡിതമഹത്തുക്കളും അതു സംബന്ധമായ വിശദീകരണങ്ങൾ നൽകിയതായി കാണാം.

മഹാനായ അനസ്(റ) പറഞ്ഞു: 'ഇസ്തിഗ്ഫാറെന്നാൽ പാപമോചനത്തിനു വേണ്ടിയുള്ള തേട്ടമാണ്.'

ഇബ്നു അബ്ബാസ്(റ) പറഞ്ഞു: 'അല്ലാഹുവിനോടുള്ള ദാസ്യപ്രകടനവും തന്റെ രക്ഷിതാവിനോടുള്ള നന്ദിപ്രകടനവുമാണ് ഇസ്തിഗ്ഫാർ.'

ഇമാം ഖുർതുബി(റ) (മരണം ഹി. 671 ൽ) പറഞ്ഞു: 'പാപങ്ങൾക്കു വേണ്ടി മാപ്പ് തേടുക എന്നതാണ് ഇസ്തിഗ്ഫാറിന്റെ വിവക്ഷ.'

അബൂഹയ്യാൻ(റ) (മരണം ഹി. 745 ൽ): 'മനസ്സാ പശ്ചാത്തപിച്ച്കൊണ്ട് പാപമോചനത്തിനു വേണ്ടി അല്ലാഹുവിനോടു നാവെടുത്തു തേടലാണ് ഇസ്തിഗ്ഫാർ.'

റാഗിബ് അൽ ഇസ്ബഹാനി(റ) (മരണം ഹി. 565 ൽ) പറഞ്ഞു: 'ഇസ്തിഗ്ഫാറെന്നാൽ വാക്കുകൊണ്ടും കർമ്മം കൊണ്ടും മാപ്പുതേടലാണ്.'

ഇബ്നു അത്വിയ്യ(റ) (മരണം ഹി. 546 ൽ) പറഞ്ഞു: 'അല്ലാഹുവിൽ നിന്ന് പാപമോചനം ലഭിക്കാനായി നടത്തുന്ന പ്രാർഥനയാണ് ഇസ്തിഗ്ഫാർ.'

(ഉദ്ധരണികൾ, അബ്ദുല്ലാഹ് ബ്ൻ മുഹമ്മദ് അൽ ഉമൈറിന്റെ സിയഗുൽ ഇസ്തിഗ്ഫാർ ഫിൽ ഖുർആനി വസ്സുന്ന എന്ന കൃതിയിൽ നിന്ന്)

മനുഷ്യ സമൂഹത്തെ സ്വർഗത്തിലേക്ക് നയിക്കാൻ നിയോഗിക്കപ്പെട്ട പ്രവാചകന്മാ രെല്ലാം തങ്ങളുടെ ഉപദേശങ്ങളുടെ കൂട്ടത്തിൽ പാപമോചനാർഥനയെ പ്രാധാന്യപൂർവം ഉൾപ്പെടുത്തിയതായി കാണാം. ഏതൊരു ദാസനും അല്ലാഹുവിന്റെ പരമമായ കാരുണ്യത്തിനർഹനാകുന്നത്, അവനിൽ നിന്നും ആദ്യം പാപമോചനം ലഭിക്കുമ്പോൾ മാത്രമാണ്. പടച്ചതമ്പുരാനെ പരിചയപ്പെടുത്തുന്ന ഭാഗങ്ങളിൽ അവൻ പൊറുക്കുന്നവനും കരുണചൊരിയുന്നവനുമാണ് എന്ന് കാണാൻ സാധിക്കും. ആദ്യം മാപ്പും തുടർന്ന് കരുണയുമെന്ന ആശയം ഈ പരിചയപ്പെടുത്തലിൽ നിന്നും നമുക്ക് മനസ്സിലാക്കാനാകും. മഹാനായ നൂഹ് നബി(അ) തന്റെ ജനതയോട് ചെയ്ത ഉപദേശങ്ങളെ ഖുർആൻ പ്രസ്താവിക്കുന്നത് കാണുക:

''നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു.'' (നൂഹ്: 9-14)

ആദ് സമൂഹത്തോടുള്ള ഹൂദ് നബി(അ)യുടെ ഉപദേശത്തിലും ഇതേ പ്രസ്താവന കാണാനാകും.

അദ്ദേഹം പറഞ്ഞു: ''എന്റെ ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. എന്നിട്ട് അവങ്കലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക.'' (ഹൂദ്: 52)

സൃഷ്ടിശ്രേഷ്ഠനായ മുഹമ്മദ് നബി(സ്വ) നമസ്കരിക്കാനും സകാത്ത് നൽകാനും ദൈവമാർഗത്തിൽ ധനം ചെലവഴിക്കാനും ഉപദേശിച്ച കൂട്ടത്തിൽ നമുക്ക് നൽകിയ മഹിത മായൊരുപദേശം കാണുക:

''നിങ്ങൾ അല്ലാഹുവോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.'' (മുസ്സമ്മിൽ:20)

പാപമോചനത്തേട്ടത്തിന്റെ പ്രാധാന്യം മേലെവായിച്ച ഖുർആനിക വചനങ്ങളിൽ നിന്നും നമുക്ക് ബോധ്യപ്പെട്ടുകാണും.

പ്രവാചകന്മാരല്ലാത്ത ഏത് വിശുദ്ധനേയും പാപകർമ്മങ്ങളിൽ അകപ്പെടുത്താൻ പോന്ന സംവിധാനമാണ് ദുനിയാവിന്റേത്. ആർക്കും അവരുടെ ചുറ്റുപാടുകൾ അത്ര സുരക്ഷിതമല്ല. കണ്ണഞ്ചിപ്പിക്കുന്ന നിഷിദ്ധങ്ങളും അവയിലേക്ക് പ്രലോഭനങ്ങളുടെ കയറിട്ടു വലിക്കുന്ന പിശാചും സജീവമായി നിൽക്കുകയാണ്. യഥാർഥ ഈമാനും തഖ്വയും ഇഴചേർന്ന ജാഗ്രത്തായ ഒരു മനസ്സ് കൈമുതലായുള്ളവർക്കേ അധികം വീഴ്ചകളിൽനിന്ന് അകന്നു നിൽക്കാൻ സാധിക്കൂ. പക്ഷെ, വീഴ്ചകളില്ലാത്ത ജീവിതം മനുഷ്യരിലൊരാൾക്കും സാധ്യ മല്ലതന്നെ.

അനസ് ബ്നു മാലിക്(റ) നിവേദനം. നബി(സ്വ) പറഞ്ഞു: ''എല്ലാ ആദമിന്റെ പുത്രന്മാരും തെറ്റു ചെയ്യുന്നവരാണ്. തെറ്റു ചെയ്യുന്നവരിൽ ഉത്തമന്മാർ പശ്ചാത്തപിച്ചു പ്രാർഥിക്കു ന്നവരാണ്.'' (തിർമിദി, ഇബ്നു മാജ, അഹ്മദ്)

രണ്ടു ലോകങ്ങളിലും അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങൾ പ്രതീക്ഷിക്കുന്ന വിശ്വാസികൾ ഹൃദയത്തിലെ കളങ്കങ്ങളും ജീവിതത്തിലെ പാപങ്ങളും കഴുകി വൃത്തിയാക്കിക്കൊണ്ടേ യിരിക്കണം. പരിശുദ്ധമായ മനസ്സുമായി പടച്ചവനെ കണ്ടുമുട്ടുന്നവർക്കാണ് പരലോകത്ത് ഉപകാരങ്ങളുണ്ടാകുന്നത്. ദൈനംദിന ജീവിതത്തിൽ വന്നുഭവിക്കുന്ന തെറ്റുകുറ്റങ്ങൾ മനസ്സിലാക്കുന്ന മാത്രയിൽ പാപമോചനത്തിനർഥിക്കാൻ തയ്യാറാകുന്നുവെങ്കിൽ അത്തര മൊരു മനസ്സ് ലഭിക്കാൻ അല്ലാഹു നമുക്ക് അവസരമുണ്ടാക്കിത്തരും. പാപം രോഗമാ ണെങ്കിൽ പശ്ചാത്താപം ഔഷധമാണ് എന്നറിയിക്കുന്ന ഒരു തിരുവചനമുണ്ട്.

അനസ് ബ്നു മാലിക്(റ) നിവേദനം. നബി(സ്വ) അരുളി: ''നിങ്ങളെ ബാധിക്കാവുന്ന പ്രധാന രോഗവും നിങ്ങൾക്കുള്ള മരുന്നും ഞാൻ പറഞ്ഞു തരട്ടെ. നിങ്ങളുടെ രോഗം പാപങ്ങ ളാണ്. നിങ്ങൾക്കുള്ള മരുന്ന് പശ്ചാത്താപവും.'' (ബൈഹഖി)

സത്യവിശ്വാസികൾക്കാണ് ജീവിതത്തെ സംബന്ധിച്ച ഗൗരവമായ കാഴ്ചപ്പാടുള്ളത്. തങ്ങളെ വീക്ഷിച്ചും, തങ്ങളുടെ ചെയ്തികളെ രേഖപ്പെടുത്തിയും സ്രഷ്ടാവായ റബ്ബിന്റെ ശ്രദ്ധ തങ്ങളോടൊപ്പമുണ്ടെന്ന ധാരണയാണ് അതിന്നവർക്ക് പ്രചോദനമായിത്തീരുന്നത്. മരണാനന്തര ജീവിതത്തിൽ വിജയിച്ചേ പറ്റൂ എന്ന് തീർപ്പുള്ള വിശ്വാസികൾ റബ്ബിന്റെ മുന്നിൽ മാപ്പിരന്നു കഴിയാൻ ശ്രദ്ധകാണിക്കുന്നവരാണ്. തെറ്റുകളുടെ എണ്ണവും, അവയുടെ വലുപ്പച്ചെറുപ്പവും നോക്കാതെ 'അസ്തഗ്ഫിറുല്ലാഹ്' എന്ന് സദാ പറഞ്ഞു കൊണ്ടിരി ക്കാൻ, പാപകർമ്മങ്ങളിലൊന്നിലും അകപ്പെടാതിരുന്നിട്ടുപോലും ദിവസത്തിൽ എഴുപതില ധികം തവണ അപ്രകാരം ചൊല്ലിയിരുന്ന പ്രവാചകന്റെ അനുയായികൾക്ക് മടിയേതുമു ണ്ടാകില്ല.

അടിമകളോട് അത്യധികം ദയയുള്ളവനാണ് അല്ലാഹു. ആകാശ ഭൂമികളോളം പോന്ന തെറ്റുകളുമായി തന്നിലേക്ക് ഖേദിച്ചെത്തുന്നവരെ അത്രതന്നെ മാപ്പുനൽകി അല്ലാഹു അനുഗ്രഹിക്കുമെന്ന് നബി(സ്വ) അരുളിയിട്ടുണ്ട്. തെറ്റിലകപ്പെട്ടു എന്ന് ബോധ്യംവന്നാ ലുടൻ, 'അല്ലാഹു എനിക്ക് മാപ്പേകുമൊ' എന്ന സന്ദേഹമില്ലാതെ അവനിലേക്ക് കൈയ്യും കണ്ണുമുയർത്തി പ്രാർഥിക്കുക എന്നത് മുഅ്മിനുകളുടെ സ്വഭാവമായിരിക്കണം. സത്യവിശ്വാ സികളുടെ പ്രസ്തുത ഗുണത്തെ പുകഴ്ത്തിക്കൊണ്ട് അല്ലാഹു പ്രസ്താവിച്ചത് ഖുർആനിൽ ഇങ്ങനെ വായിക്കാം:

''വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തു പോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർ. - പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്? - ചെയ്തു പോയ (ദുഷ്)പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ.'' (ആലു ഇംറാൻ: 135)

'പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്?' എന്ന റബ്ബിന്റെ ചോദ്യം മനുഷ്യസമൂഹത്തിന് സ്രഷ്ടാവിൽ നിന്ന് ലഭിച്ച ഏറ്റവും മഹത്തായ പ്രത്യാശയാണ്. 'സ്വന്തത്തോട് അതിരുവിട്ട് പ്രവർത്തിച്ചവരേ, നിങ്ങൾ അല്ലാഹു വിന്റെ കാരുണ്യത്തിൽ നിരാശരാകരുത്. അല്ലാഹു പാപങ്ങൾ മുഴുവനും പൊറുക്കുന്നവനാണ്' എന്ന മറ്റൊരു ഖുർആൻ വാക്യം പ്രസ്തുത പ്രത്യാശക്ക് കൂടുതൽ ഉറപ്പു നൽകുന്നുണ്ട്.

ആകയാൽ നമ്മളെന്നും റബ്ബിങ്കൽ ആശയുള്ളവരാവുക. ജീവിതത്തിലുണ്ടാകുന്ന തെറ്റുക ളുടെ ആധിക്യം അല്ലാഹുവിൽനിന്ന് അകന്നു കഴിയാൻ ഇടവരുത്തരുത്. പ്രാർഥനയിൽ നമുക്ക് മടുപ്പനുഭവപ്പെടാത്തിടത്തോളം അല്ലാഹുവിന്ന് മടുപ്പനുഭവപ്പെടുന്ന പ്രശ്നമില്ല. 'നിങ്ങളുടെ പ്രാർഥനയില്ലെങ്കിൽ എന്റെ രക്ഷിതാവ് നിങ്ങളെ പരിഗണിക്കു മായിരുന്നില്ല' എന്ന ഖുർആൻ സൂക്തം ഇതൊടൊന്നിച്ച് ചേർത്ത് മനസ്സിലാക്കുക. നമ്മുടെ ഹിസാബിൽ പശ്ചാത്താപത്തിന്റെ എണ്ണം കൂടുതൽ രേഖപ്പെടുത്തപ്പെടണം. അബ്ദുല്ലാഹ് ബ്നു ബുസ്ർ(റ) നിവേദനം ചെയ്ത പ്രവാചകമൊഴിയിൽ ഇങ്ങനെ കാണാം:

''കർമ്മരേഖയിൽ ധാരാളം ഇസ്തിഗ്ഫാറുകൾ കാണപ്പെട്ടവന്ന് ത്വൂബാ എന്ന സ്വർഗീയ വൃക്ഷമുണ്ട്.'' (ഇബ്നു മാജ)

പരലോകത്ത് സ്വർഗ്ഗത്തോപ്പുകളിലും അരുവികളിലുമായി കഴിഞ്ഞുകൂടുന്ന മുത്തഖി കളെപ്പറ്റി പ്രസ്താവിച്ചപ്പോൾ, അതിന്നവർക്ക് സഹായകമായി വർത്തിച്ചത് എന്തായിരു ന്നുവെന്ന് സൂറത്തുദ്ദാരിയാത്തിൽ നിന്നു വായിക്കാം.

''രാത്രിയുടെ അന്ത്യവേളകളിൽ അവർ പാപമോചനം തേടുന്നവരായിരുന്നു.'' (ദാരിയാത്ത്: 18)

പാപമോചനത്തിനുവേണ്ടി അല്ലാഹുവിനോടുള്ള അർഥന വിശ്വാസിയിലെ തൗഹീദിന്റെ തേട്ടമാണ്. ഖുർആനത് പഠിപ്പിക്കുന്നുണ്ട്.

''ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക. നിന്റെ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും സത്യവിശ്വാ സിനികൾക്കും വേണ്ടിയും (പാപമോചനംതേടുക.)'' (മുഹമ്മദ്: 19)

ദൈവനിയുക്തരായ പ്രവാചകൻമാരെല്ലാം തങ്ങളുടെ സമൂഹത്തെ ഇസ്തിഗ്ഫാറിന്റെ പ്രാധാന്യവും ആവശ്യകതയും ബോധ്യപ്പെടുത്തിയിരുന്നുവെന്ന് ലേഖനത്തിന്റെ തുടക്ക ത്തിൽ വ്യക്തമാക്കിയിരുന്നു. ഇസ്തിഗ്ഫാറിന്റെ കാര്യത്തിൽ പ്രസ്തുത പ്രവാചകന്മാരുടെ അവസ്ഥയെന്തായിരുന്നു? പാപമോചനാർഥനയുടെ ചരിത്രം മഹാനായ ആദം നബി(അ) യിൽ നിന്നാണ് ആരംഭിക്കുന്നത്. തന്നിൽ നിന്നൊരപാകതയുണ്ടായി എന്ന് തിരിച്ചറിഞ്ഞ മാത്രയിൽ അദ്ദേഹം അല്ലാഹുവിനോട് മാപ്പിരക്കുകയായിരുന്നു. സൂറത്തു അഅ്റാഫിൽ നിന്ന് അദ്ദേഹത്തിന്റെ പ്രാർഥന നമുക്ക് വായിക്കാനാകും.

ഇബ്റാഹീം നബി(അ)യും ഇസ്മാഈൽ നബി(അ)യും (ബഖറ: 128), മൂസാ നബി(അ)യും (അഅ്റാഫ്: 155) മുഹമ്മദ് നബി(അ)യും (ശൂറ: 10) പടച്ച തമ്പുരാരിലേക്ക് സവിനയം ഖേദിച്ചു മടങ്ങിയതായി ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. പ്രവാചകൻമാരുടെ ജീവിത കഥകൾ വെറുതെ വായിച്ചു പോകാനുള്ളതല്ല; അവരോടൊപ്പം സ്വർഗപ്രവേശത്തിന് കൊതി ക്കുന്ന നമുക്ക് മാതൃകയായി ഉൾക്കൊള്ളാനുള്ളതാണ്. നിന്റെ അനുഗ്രഹം ലഭിച്ചവരുടെ ചൊവ്വായ മാർഗ്ഗത്തിൽ ഞങ്ങളെ നീ വഴിനടത്തേണമേ എന്ന് ദിനേന മനസ്സറിഞ്ഞ് പ്രാർഥിക്കുന്നവരാണ് വിശ്വാസികൾ എന്നതിനാൽ പ്രത്യേകിച്ചും.

നന്നായി ജീവിക്കാൻ ഭൂമുഖത്തൊരു സ്ഥലവും, ആവശ്യാനുസൃതം ഭക്ഷിക്കാൻ സ്വാദി ഷ്ടമായ വിഭവങ്ങളും, സുഖനിദ്രക്കുതകുന്ന നിർഭയത്വവും, സ്വർഗത്തിലേ ക്കെത്താനുള്ള വെട്ടമാർന്ന മാർഗവും തന്ന കാരുണ്യവാനായ നമ്മുടെ റബ്ബ് ഏറെ പൊറുക്കുന്നവനും ഔദാര്യവാനുമാണ്. ആകയാൽ;

''നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുകയും എന്നിട്ട് അവനിലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക. തീർച്ചയായും എന്റെ രക്ഷിതാവ് ഏറെ കരുണയുള്ളവനും ഏറെ സ്നേഹമുള്ളവനുമത്രെ.'' (ഹൂദ്: 90)

●